I ഇ.ബി. XIV - കേരള നിയമസഭ /X-3

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഫെബ്രുവരി 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

മധുവിന്റെയും സഫീറിന്റെയും കൊലപാതകം

മി. സ്പീക്കർ : അട്ടപ്പാടിയിൽ ആദിവാസിയായ മധുവിനെ ഒരു സംഘം ആളുകൾ മർദ്ദിച്ച് കൊലപ്പെടുത്തുകയും സഫീർ എന്ന മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകനെ കുത്തി കൊലപ്പെടുത്തുകയും ചെയ്തതുമൂലം ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ഷാഫി

പറമ്പിൽ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : അട്ടപ്പാടിയിലെ മുക്കാലിയിൽ വനത്തിനുള്ളിൽ താമസിച്ചിരുന്ന ആദിവാസിയായ മധുവിനെ മോഷണകുറ്റം ആരോപിച്ച് നാട്ടുകാർ പിടിച്ചുവച്ചിരിക്കുന്ന വിവരം അറിഞ്ഞയുടൻ പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന അഡീഷണൽ സബ് ഇൻസ്പെക്ടറും സംഘവും സംഭവ സ്ഥലത്തെത്തുകയും ടിയാനെ പോലീസ് ജീപ്പിൽ കയറ്റി വൈദ്യപരിശോധനയ്ക്കായി അഗളി സി.എച്ച്.സി.-യിലേയ്ക്ക് കൊണ്ടുപോകുകയും യാത്രാമദ്ധ്യേ മരണപ്പെടുകയും ചെയ്തു. ആന്തരിക അവയവങ്ങൾക്കും തലയുടെ പിൻഭാഗത്തുമേറ്റ മാരകമായ ക്ഷതംമൂലമാണ് മരണം സംഭവിച്ചതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽനിന്നും വ്യക്തമായിട്ടുണ്ട്. ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും പതിനാറ് പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തു. വനം വകുപ്പ് ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും ഇതിൽ പങ്കുണ്ടോയെന്നും പ്രതികൾക്ക് അനുമതിയില്ലാതെ വനത്തിൽ പ്രവേശിക്കാൻ കൂട്ടുനിന്നോയെന്നും അന്വേഷിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മധുവിന്റെ അമ്മയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപയും പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ

നിയമപ്രകാരം എട്ടേകാൽ ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 25-2-2018-ന് രാത്രി മണ്ണാർക്കാട് ടൗണിലെ തുണിക്കടയിൽ അതിക്രമിച്ചുകയറിയ അക്രമിസംഘം സഫീറിനെയും മൻസൂറിനെയും മർദ്ദിക്കുകയും കുത്തി പരിക്കേൽപ്പിക്കുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ സഫീറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രാത്രി 10 മണിയോടെ മരണപ്പെട്ടു. തലയ്ക്ക് പരിക്കേറ്റ മൻസൂറിന്റെ പരാതിപ്രകാരം അഞ്ച് പേരെ പ്രതികളാക്കി മണ്ണാർക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ശരീരത്തിലുണ്ടായ മുറിവുകളാണ് സഫീറിന്റെ മരണത്തിന് കാരണമായതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഈ കേസിലെ അഞ്ച് പ്രതികളെയും അറസ്റ്റു ചെയ്യുകയും കൃത്യത്തിന് ഉപയോഗിച്ച ആയുധം ഒന്നാം പ്രതിയുടെ പക്കൽ നിന്നും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. രണ്ട് കേസുകളിലും നിഷ്പക്ഷവും കുറ്റമറ്റതുമായ അന്വേഷണമാണ് പോലീസ് നടത്തിവരുന്നത്. കുറ്റവാളികൾക്ക് പരമാവധി ശിക്ഷ നേടിക്കൊടുക്കുന്നതിനും ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : അട്ടപ്പാടിയിൽ മധു എന്ന ആദിവാസി യുവാവിനെയും മണ്ണാർക്കാട് പട്ടണത്തിലെ കച്ചവട സ്ഥാപനത്തിൽവച്ച് സഫീർ എന്ന യുവാവിനെയും പരസ്യമായി കൊലപ്പെടുത്തിയ സംഭവങ്ങൾ സഭയുടെ

ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്ഥാനത്ത് ക്രമസമാധാനം നിലനിർത്തുന്നതിൽ ആഭ്യന്തര വകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. മോഷണക്കുറ്റം ആരോപിച്ച് മാനസിക രോഗിയായ ആദിവാസി യുവാവിനെ ജനക്കൂട്ടം കൊലപ്പെടുത്തിയ പ്രശ്നം കൈകാര്യം ചെയ്തതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച്ചയുണ്ടായിട്ടുണ്ട്. യുവാവിനെ വനത്തിൽനിന്നും പിടിച്ചിറക്കികൊണ്ടുവരാൻ സഹായിച്ചതിലൂടെ വനം വകുപ്പ് ഉദ്യോഗസ്ഥർ കടുത്ത നിയമലംഘനമാണ് നടത്തിയിരിക്കുന്നത്. മാനസിക രോഗമുള്ളയാളെ സുരക്ഷിതമായി ചികിത്സാ കേന്ദ്രത്തിലെത്തിക്കുന്നതിനു പകരം യുവാവിനെ ആക്രമിക്കുന്നതിന് കൂട്ടുനിന്നുവെന്നത് തികച്ചും വിരോധാഭാസമാണ്. ആശുപത്രിയിലേയ്ക്കുള്ള യാത്രയ്ക്കിടയിലാണ് ടിയാൻ മരണമടഞ്ഞത്. പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി ആക്ഷേപം നിലനിൽക്കുന്നതിനാൽ അന്വേഷണ പരിധിയിൽ അതുകൂടി ഉൾപ്പെടുത്തണം. ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. അട്ടപ്പാടിയിലെ ആദിവാസികളുടെ സംരക്ഷണത്തിനായി അഞ്ഞൂറിലേറെ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെങ്കിലും മാനസികാസ്വാസ്ഥ്യംമൂലം അലഞ്ഞുതിരിഞ്ഞ ഈ യുവാവിനെ കണ്ടെത്താനോ ആവശ്യമായ പരിരക്ഷ നൽകാനോ സാധിച്ചില്ല എന്നത് ഖേദകരമാണ്. ആദിവാസി ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും താളപ്പിഴകൾ സംഭവിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. അട്ടപ്പാടിയിൽ മാനസികാസ്വാസ്ഥ്യം നേരിടുന്നവരെ

കണ്ടെത്താനും ചികിത്സിക്കാനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. കുറ്റക്കാർക്ക് നിയമം നൽകുന്ന പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കണം. മണ്ണാർക്കാട് ടൗണിലെ കച്ചവടസ്ഥാപനത്തിൽ കയറിയ ഗുണ്ടകൾ സഫീർ എന്ന യുവാവിനെ കുത്തി കൊലപ്പെടുത്തുകയായിരുന്നു. സഫീറിനും കുടുംബത്തിനുമെതിരെ നിരവധി ആക്രമണങ്ങളും വധഭീഷണിയും ഉണ്ടായപ്പോൾ പോലീസ് ജാഗ്രത പാലിക്കുകയും ആവശ്യമായ പരിരക്ഷ നൽകുകയും ചെയ്തിരുന്നുവെങ്കിൽ ഈ ദാരുണാന്ത്യം ഒഴിവാക്കാമായിരുന്നു. കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിനും ജനങ്ങൾ നിയമം കയ്യിലെടുക്കുന്ന പ്രവണതയ്ക്കെതിരെ ബോധവത്കരണം നടത്തുന്നതിനും പോലീസിന്റെ പ്രത്യേക സംവിധാനം ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സമാകുന്ന ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആദിവാസിയായ മധുവിന്റെ കൊലപാതകത്തെ അപലപിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മനുഷ്യത്വഹീനമായ രീതിയിലാണ് ആക്രമണം നടന്നിരിക്കുന്നത്. മധുവിന് മാനസിക വിഭ്രാന്തിയുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ല. കൊലപാതകവുമായി ബന്ധപ്പെട്ട് വനം വകുപ്പുദ്യോഗസ്ഥർക്കെതിരെയുണ്ടായ ആരോപണങ്ങളിന്മേൽ

അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ജനങ്ങൾ നിയമം കയ്യിലെടുക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. പോലീസ് അക്രമിച്ചു എന്ന പ്രതിപക്ഷനേതാവിന്റെ ആരോപണം അടിസ്ഥാനരഹിതമാണ്. മർദ്ദനമാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വ്യക്തമാണ്. മധുവിന്റെ കൊലപാതകം പരിഷ്കൃത സമൂഹത്തിന് അപമാനമാണ്. ഇത്തരം ആക്രമണങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

സഫീറിന്റെ കൊലപാതകത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണ്ടാ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഷുഹൈബിന്റെ കൊലപാതകത്തിൽ സർക്കാരിനെതിരെ ഹൈക്കോടതി രൂക്ഷമായ വിമർശനമാണ് നടത്തിയിരിക്കുന്നത്. കൊലപാതകത്തിനുപയോഗിച്ച ആയുധങ്ങൾ കണ്ടെടുക്കാൻ പോലീസിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ആദിവാസി യുവാവായ മധുവിനെ വനത്തിനുള്ളിൽ നിന്നും പിടികൂടുന്നതിന് അക്രമികൾക്ക് അനുമതി നൽകിയ വനം

വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടുകയും വേണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 'കമ്മ്യൂണിറ്റി കിച്ചൻ' പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനും ആദിവാസി സംരക്ഷണത്തിനുള്ള തുക ഫലപ്രദമായി ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കണം. കൊലചെയ്യപ്പെട്ട മധുവിന്റെ കുടുംബത്തിന് 25 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും സഹോദരിക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുകയും വേണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം കേരളം ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും കെണിയിൽ അകപ്പെട്ടിരിക്കുന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തിയശേഷം പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭ വിട്ട് പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II. ശ്രദ്ധക്ഷണിക്കൽ

### സാമ്പത്തിക പ്രതിസന്ധി

ശ്രീ. കെ. ജെ. മാക്സി : സാമ്പത്തിക പ്രതിസന്ധിമൂലം കൊച്ചി തുറമുഖത്തിലെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകളും രാജീവ് ഗാന്ധി ടെർമിനൽ അടച്ചുപൂട്ടിയതിനെത്തുടർന്നുണ്ടായ തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ ഡ്രെഡ്ജിംഗിനുവേണ്ടി ചെലവഴിക്കുന്ന തുക ഗുണഭോക്താക്കളായ നാവികസേന, കോസ്റ്റ്ഗാർഡ് എന്നീ സ്ഥാപനങ്ങൾ ആനുപാതികമായി വഹിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനും തുറമുഖം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി മേശപ്പുറത്തുവച്ചു.)

(ശ്രീ. വി. എസ്. ശിവകുമാർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## III. സബ്മിഷൻ

(സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവച്ചു.)

(യു.ഡി.എഫ്. അംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന്

മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. ധനകാര്യം

### 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (745,42,27,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം (761,60,73,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ

ധനാഭ്യർത്ഥനയും ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനയും മേശപ്പുറത്തുവച്ചു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 10.38-ന് പിരിഞ്ഞു.

* * *